**പതിനാലാം കേരള നിയമസഭ**
**ഇരുപത്തിരണ്ടാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നം.298 — 12.01.2021 ൽ മറുപടിക്ക്

## കോതമംഗലം മണ്ഡലത്തിൽ ആർദ്രം പദ്ധതി

| ചോദ്യം<br>ശ്രീ.ആൻറണി ജോൺ: | | ഉത്തരം<br>കെ.കെ. ശൈലജ ടീച്ചർ<br>(ആരോഗ്യവും സാമൂഹ്യനീതിയും വനിത-ശിശു വികസനവും വകുപ്പുമന്ത്രി) | |
|---|---|---|---|
| (എ) | ആർദ്രം പദ്ധതിയിൽ ഉൾപ്പെടുത്തി കോതമംഗലം മണ്ഡലത്തിൽ ഏതെല്ലാം പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത്; വിശദമാക്കാമോ; | (എ) | ആർദ്രം പദ്ധതിയിൽ കോതമംഗലം നിയോജക മണ്ഡലത്തിൽ പി എച്ച് സി കുട്ടമ്പുഴ, സി എച്ച് സി നേര്യമംഗലം, പി എച്ച് സി പിണ്ടിമന, പി എച്ച് സി ചെറുവട്ടൂർ, പി എച്ച് സി കോട്ടപ്പടി , പി എച്ച് സി പുന്നേക്കാട്, പി എച്ച് സി കടവൂർ എന്നീ പ്രാഥമിക ആരോഗ്യ കേന്ദ്രങ്ങളെയാണ് കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി മാറ്റിയിട്ടുള്ളത് |
| (ബി) | കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതോടെ എന്തെല്ലാം അധിക സേവനങ്ങളാണ് ഇവിടെ നിന്നും ലഭ്യമാക്കുന്നത് എന്ന് വിശദമാക്കാമോ; | (ബി) | കുടുംബാരോഗ്യ കേന്ദ്രമാക്കി മാറ്റിയതോടെ ഇവിടെ വൈകിട്ട് 6 മണിവരെ ഒ പി ഫാർമസി സേവനങ്ങൾ, ലാബ് സൗകര്യം എന്നിവ ലഭ്യമാണ്. രോഗികളുടെ പരിശോധന റിക്കോർഡുകൾ ഇലക്ട്രോണിക് മോഡിൽ സൂക്ഷിക്കുന്നു. രോഗി സൗഹൃദമായ വെയിറ്റിംഗ് ഏരിയ, പരിശോധന മുറികൾ, ടോക്കൺ സിസ്റ്റം, ശ്വാസ് / ആശ്വാസ് ക്ലിനിക്കുകൾ, സമ്പൂർണ്ണ മാനസികാരോഗ്യ സേവനങ്ങൾ , ജീവിതശൈലീ രോഗ ക്ലിനിക്കുകൾ എന്നീ സേവനങ്ങളും ലഭ്യമാക്കി വരുന്നുണ്ട്. |
| (സി) | പുതുതായി കുടുംബാരോഗ്യ കേന്ദ്രങ്ങളായി പ്രഖ്യാപിച്ചതിൽ എത്രയെണ്ണം പൂർണ്ണതോതിൽ പ്രവർത്തന സജ്ജമായി എന്ന് വ്യക്തമാക്കാമോ; | (സി) യും (ഡി) യും | കോതമംഗലം നിയോജക മണ്ഡലത്തിലെ കുടുംബാരോഗ്യ കേന്ദ്രങ്ങളാക്കി ഉയർത്തിയ ആരോഗ്യ സ്ഥാപനങ്ങൾ പൂർണ്ണതോതിൽ |

| | | | |
|---|---|---|---|
| (ഡി) | മുഴുവൻ കുടുംബാരോഗ്യ കേന്ദ്രങ്ങളും എന്നത്തേക്ക് പൂർണ്ണതോതിൽ പ്രവർത്തനസജ്ജമാകുമെന്നും ഓരോ കുടുംബാരോഗ്യ കേന്ദ്രത്തിന്റെ നിലവിലെ സ്ഥിതിയും വ്യക്തമാക്കാമോ? | | പ്രവർത്തന സജ്ജമാക്കിയതിന്റെ വിവരങ്ങൾ അനുബന്ധമായി ചേർക്കുന്നു. |

Hari

സെക്ഷൻ ഓഫീസർ

| ക്രമ നം | സ്ഥാപനം | അടങ്കൽ തുക | നിലവിലെ സ്ഥിതി |
|---|---|---|---|
| 1 | പി.എച്ച്.സി കുട്ടമ്പുഴ | 14,53,000 | നിലവിൽ കുടുംബാരോഗ്യകേന്ദ്രമായി പ്രവർത്തിക്കുന്നു. |
| 2 | സി.എച്ച്.സി നേര്യമംഗലം | 14,00,000 | FHC ആയി പ്രവർത്തിക്കുന്നു. |
| 3 | പി.എച്ച്.സി പിണ്ടിമന | 14,00,000 | HLL Agency ക്ക് നിർമ്മാണ പ്രവർത്തികളുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 4 | പി.എച്ച്.സി ചെറുവട്ടൂർ | 15,50,000 | HLL Agency ക്ക് നിർമ്മാണ പ്രവർത്തികളുള്ള ഭരണാനുമതി നൽകിയിട്ടുണ്ട്. |
| 5 | പി.എച്ച്.സി കോട്ടപ്പടി | 14,00,000 | FHC ആയി പ്രവർത്തിക്കുന്നു. |
| 6 | പി.എച്ച്.സി പുന്നേക്കാട് | 14,00,000 | FHC ആയി പ്രവർത്തിക്കുന്നു. |
| 7 | പി.എച്ച്.സി കടവൂർ | 15,50,000 | FHC ആയി പ്രവർത്തിക്കുന്നു. |

Hari
സെക്ഷൻ ഓഫീസർ